**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6041** **17-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. നഷ്ട പരിഹാര തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. നഷ്ടപരിഹാരത്തിനായി അക്കൗണ്ടന്റ് ജനറൽ സർട്ടിഫൈ ചെയ്ത സ്റ്റേറ്റ്മെൻറ് കേന്ദ്രസർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്ന പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽക്കാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി AG ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് 13-02-2023ൽ ആണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ 24/02/2023-ൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പും 03/03/2023-ൽ സർക്കാരും അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഐ.ജി.എസ്.ടി. റിട്ടേണിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് 25,000 കോടി രൂപയുടെ | (ബി) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ |

| | | | |
|---|---|---|---|
| | നഷ്ടമുണ്ടായതായി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി കണ്ടെത്തിയിട്ടുണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ; | | റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | ജി.എസ്.ടി. നഷ്ടപരിഹാരത്തിലെ മുഴുവൻ തുകയും കേന്ദ്രം നൽകുന്നതിന് അക്കൗണ്ട് ജനറൽ സർട്ടിഫൈ ചെയ്ത സ്റ്റേറ്റ്മെന്റ് ആവശ്യമാണോ എന്ന് വ്യക്തമാക്കാമോ? | (സി) | ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്ന പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം നഷ്ടപരിഹാരതുക അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു. ടി നിയമപ്രകാരം ഫൈനൽ അക്കൗണ്ട് CAG സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്കാണ് കോമ്പൻസേഷൻ തുക അന്തിമമായി തീരുമാനിക്കപ്പെടുന്നത്. ഇതിനുവേണ്ടി AG ഓഫീസ് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ 2017-18 ജൂലൈ മുതൽ 2020-21 വരെയുള്ള വിശദാംശങ്ങൾ സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിന് 13-02-2023ൽ ആണ് നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ 24/02/2023-ൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പും 03/03/2023-ൽ സർക്കാരും അക്കൗണ്ടന്റ് ജനറൽ ഓഫീസിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ